بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 17.08.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 17.08.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയരായ ബദരീസഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന, ഹൃദയഹാരിയായ ചരിത്രസംഭവങ്ങൾ.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനു ശേഷം സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാ പറഞ്ഞു:

ഇന്നും ഞാൻ ചില ബദരീ സഹാബക്കളെ സ്മരിക്കുന്നതാണ്. അവരിൽ ആദ്യത്തേത് ഹദ്റത്ത് ആമിർ ബ്നു റബീഅയാണ്. ഇദ്ദേഹത്തിന്റെ കുടുംബത്തിന് ഹദ്റത്ത് ഉമറി(റ)ന്റെ പിതാവ് ഖത്താബുമായി സൗഹൃദ കരാർ ഉണ്ടായിരുന്നു. ആ നിലയ്ക്ക് ഹദ്റത്ത് ഉമറും ഹദ്റത്ത് ആമിറും തമ്മിൽ അവസാനം വരെ സുഹൃദ് ബന്ധം നിലനിന്നു. ഇദ്ദേഹം വളരെ തുടക്കത്തിൽ തന്നെ വിശ്വസിച്ചിരുന്നു. നബി(സ)തിരുമേനി ദാറെ അർക്കമിൽ അഭയം തേടുന്നതിനു മുൻപാണ് അദ്ദേഹം വിശ്വസിച്ചത്. ഹദ്റത്ത് ആമിർ തന്റെ ഭാര്യ ലൈല ബിൻത് ഹശ്മയോടൊപ്പം അബ്സ്സീനിയയിലേക്ക് ഹിജ്റത്ത് ചെയ്തു. അതിനു ശേഷം മക്കയിൽ തിരിച്ചെത്തുകയും പിന്നീട് മദീനയിലേക്ക് ഹിജ്റത്ത് ചെയ്യുകയും ചെയ്തു. മദീനയിലേക്ക് ഏറ്റവും ആദ്യം ഹിജ്റത്ത് ചെയ്ത വനിത എന്ന ബഹുമതി ലഭിച്ചിട്ടുള്ളത് ഹദ്റത്ത് ആമിറിന്റെ ഭാര്യയ്ക്കാണ്. ബദർ ഉൾപ്പെടെ മറ്റെല്ലാ യുദ്ധങ്ങളിലും അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. അനസ് ഗോത്രക്കാരനായ അദ്ദേഹം ഹിജ്റ 32 ന് ആണ് വഫാത്തായത്.

ഹദ്റത്ത് ആമിർ വിവരിക്കുന്നു: നബി(സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു: നിങ്ങളിലാരെങ്കിലും ജനാസ കാണുന്ന പക്ഷം നിങ്ങൾ അതിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ ജനാസ കടന്നു പോകുന്നതു വരെ എഴുന്നേറ്റു നിൽക്കേണ്ടതാണ്.

അബ്ദുല്ലാഹ് ബ്ൻ ആമിർ തന്റെ പിതാവ് ഹദ്റത്ത് ആമിറിൽ നിന്ന് നിവേദനം ചെയ്യുന്നു: അദ്ദേഹം രാത്രി നമസ്കരിക്കാനായി എഴുന്നേറ്റു. ജനങ്ങൾ ഹദ്റത്ത് ഉസ്മാനെ(റ)തിരെ ഭിന്നിക്കുകയും ഫിത്ന ആരംഭിക്കുകയും ചെയ്തിരുന്ന കാലം. ജനങ്ങൾ അദ്ദേഹത്തെ നിന്ദിച്ചു സംസാരിച്ചിരുന്നു. പറയുന്നു: നമസ്കാരത്തിനു ശേഷം അദ്ദേഹം ഉറങ്ങിയപ്പോൾ ‘ നീ എഴുന്നേൽക്കുക, ഏതൊരു ഫിത്നയിൽ നിന്ന് അല്ലാഹു തന്റെ പരിശുദ്ധ ദാസരെ രക്ഷപ്പെടുത്തിയോ അതിൽ നിന്ന് തന്നെയും രക്ഷപ്പെടുത്താൻ നീ ദുആ ചെയ്യുക’എന്നു സ്വപ്നത്തിൽ പറയപ്പെട്ടു. അങ്ങനെ ഹദ്റത്ത് ആമിർ ബ്നു റബീഅ എഴുന്നേറ്റ് നമസ്കരിക്കുകയും ദുആ ചെയ്യുകയും ചെയ്തു. അതിനു ശേഷം അദ്ദേഹം രോഗബാധിതനായി. പിന്നീടദ്ദേഹം വീട്ടിൽ നിന്ന് പുറത്തു പോയിട്ടില്ല; അദ്ദേഹത്തിന്റെ ജനാസയാണ് പുറത്തേക്കു വന്നത്. ഈ വിധത്തിലാണ് അല്ലാഹു അദ്ദേഹത്തിന് ഫിത്നയിൽ നിന്ന് രക്ഷപ്പെടാനുള്ള സാഹചര്യമൊരുക്കിയത്.

ഒരിക്കൽ ഹദ്റത്ത് ആമിറിനോട് ഒരാൾ പറഞ്ഞു: നബി(സ)തിരുമേനിയോട് ഞാൻ മലയിടുക്കിലെ ഒരു പ്രദേശം സ്വത്തായി ആവശ്യപ്പെട്ടു. അറേബ്യയിലാകെ അത്ര നല്ല താഴ്വര ഉണ്ടായിരുന്നില്ല. തിരുമേനി അതെനിക്ക് നല്കുകയും ചെയ്തിരിക്കുന്നു. അതിലൊരുഭാഗം താങ്കൾക്കു നല്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ ജീവിതകാലത്ത് അത് താങ്കളുടേതും ശേഷം മക്കൾക്കും വേണ്ടിയുള്ളതാണ്. ഹദ്റത്ത് ആമിർ പറഞ്ഞു: എനിക്ക് നിന്റെ ഈ ഭൂമിയുടെ ആവശ്യമില്ല. കാരണം, ഇന്നവതരിച്ച ഒരു സൂറത്ത് കാരണം ഞങ്ങൾ ദുനിയാവ് തന്നെ മറന്നിരിക്കുന്നു. അതിതാണ്: ഇഖ്തറബ ലിന്നാസി ഹിസാബുഹും വഹും ഫീ ഗഫ്ലത്തിൻ മുഗ്രിളൂൻ. ജനങ്ങളുടെ വിചാരണ സമീപസ്ഥമായിരിക്കുന്നു. എന്നിട്ടുമവർ അശ്രദ്ധയിൽ മുഖം തിരിച്ചിരിക്കുകയാണ്.

ഹുദൂർ തിരുമനസ്സ് പറഞ്ഞു: ആ തിളങ്ങുന്ന താരങ്ങളുടെ ദൈവഭയം ഈ അവസ്ഥയിലുള്ളതായിരുന്നു. യഥാർഥ നിലയിൽ ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നല്കിയവരും ഇവർ തന്നെയായിരുന്നു.

ഹദ്റത്ത് ആമിർ ബ്നു റബീഅയിൽ നിന്ന് നിവേദനം: സൈദ് ബ്നു അംറു പറഞ്ഞു: ഹദ്റത്ത് ഇസ്മാഈലി(അ)ന്റെ സന്താന പരമ്പരയിൽ നിന്ന് അഹ്മദ് എന്നു പെരുള്ള ഒരു നബി അവതരിക്കുന്നത് ഞാൻ കാത്തിരിക്കുകയായിരുന്നു. എനിക്കദ്ദേഹത്തെ ലഭിക്കില്ല എന്നു തോന്നുന്നു. ഞാൻ അദ്ദേഹത്തിൽ വിശ്വസിക്കുന്നു;സത്യപ്പെടുത്തുന്നു; അദ്ദേഹം നബിയാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിങ്ങൾ അദ്ദേഹത്തിന്റെ കാലഘട്ടം പ്രാപിച്ചാൽ എന്റെ സലാം എത്തിക്കുക. നിങ്ങൾക്കു വ്യക്തമാകും വിധം ഞാൻ അദ്ദേഹത്തിന്റെ അടയാളങ്ങൾ നിങ്ങൾക്കു പറഞ്ഞു തരാം: അദ്ദേഹം ഉയരം കൂടിയതോ കുറഞ്ഞതോ ആയ വ്യക്തിയല്ല. നല്ല മുടിയുള്ള ആളോ മുടി കുറഞ്ഞ ആളോ അല്ല. അദ്ദേഹത്തിന്റെ കണ്ണുകൾക്ക് സദാ ചുവപ്പ് നിറമായിരിക്കും. രണ്ടു തോളുകൾക്കുമിടയിൽ നുബുവ്വത്തിന്റെ മുദ്രയുണ്ടായിരിക്കും. അഹ്മദ് എന്നായിരിക്കും അദ്ദേഹത്തിന്റെ പേര്. മക്കാ പട്ടണമായിരിക്കും അദ്ദേഹത്തിന്റെ ജന്മസ്ഥലം. ബൈഅത്തിന്റെ സ്ഥലവും അതു തന്നെ. അദ്ദേഹത്തിന്റെ സമൂഹം

അദ്ദേഹത്തെ ഇവിടെ നിന്ന് പുറത്താക്കും. അവർ അദ്ദേഹത്തിന്റെ സന്ദേശം ഇഷ്ടപ്പെടുകയില്ല. ശേഷം അദ്ദേഹം യഥ്രിബിലേക്ക് ഹിജ്റത്ത് പോകുന്നതാണ്. ഹദ്റത്ത് ആമിർ പറഞ്ഞു: നബി(സ)തിരുമേനി നബിയായി നിയോഗിക്കപ്പെട്ടപ്പോൾ സൈദിനെസ്സംബന്ധിച്ച് ഞാൻ തിരുമേനിയോടു പറഞ്ഞു. തിരുമേനി പറഞ്ഞു: "ഞാൻ അദ്ദേഹത്തെ സ്വർഗത്തിൽ കണ്ടിട്ടുണ്ട്. സ്വർഗീയാനുഭൂതി നുകർന്നു കൊണ്ടിരിക്കുകയായിരുന്നു അദ്ദേഹം."

രണ്ടാമത്തെ സഹാബി, ഹദ്റത്ത് ഹറാം ബ്ൻ മിൽഹാൻ ആകുന്നു. അൻസാറുകളിലെ ബനൂ അദീബ്നു നജ്ജാർ ഗോത്രവുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹത്തിന്റെ പിതാവ് മിൽഹാന്റെ പേര് മാലിക് ബ്നു ഖാലിദ് എന്നായിരുന്നു. ഹദ്റത്ത് ഹറാം ബ്ൻ മിൽഹാന്റെ മാതാവിന്റെ പേര് മുലൈക്ക ബിൻത് മാലിക് എന്നായിരുന്നു. ഹദ്റത്ത് അബൂത്വൽഹ അൻസാരിയുടെ ഭാര്യയും ഹദ്റത്ത് അനസ് ബ്നു മാലികിന്റെ മാതാവുമായ ഹദ്റത്ത് ഉമ്മെ സലീം അദ്ദേഹത്തിന്റെ സഹോദരിയാണ്. ഹദ്റത്ത് ഉബാദ ബ്നു സാമത്തിന്റെ ഭാര്യ ഹദ്റത്ത് ഉമ്മെ ഹറാം ആയിരുന്നു മറ്റൊരു സഹോദരി. ഹദ്റത്ത് അനസിന്റെ അമ്മാവനാണ് ഹദ്റത്ത് ഹറാം ബ്നു മിൽഹാൻ. ബദർ യുദ്ധത്തിലും ഉഹ്ദ് യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തിരുന്നു. ബിഅ്റെ മഊന സംഭവത്തിലാണ് അദ്ദേഹം ശഹീദായത്.

ഹദ്റത്ത് അനസ് ബ്നു മാലിക്കിൽ നിന്നും നിവേദനം: ബിഅ്റെ മഊന ദിവസം ഹദ്റത്ത് ഹറാം ബ്ൻ മിൽഹാന് കുന്തം കൊണ്ട് മുറിവേറ്റപ്പോൾ അദ്ദേഹം തന്റെ രക്തം കൈയിലെടുക്കുകയും തന്റെ തലയിലും മുഖത്തും തളിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം പറഞ്ഞു: ഫുസ്തു ബി റബ്ബിൽ കഅ്ബ. അതായത്, കഅ്ബയുടെ റബ്ബാണെ, ഞാൻ എന്റെ ലക്ഷ്യം കണ്ടു. ഹദ്റത്ത് അനസി(റ)ൽ നിന്ന് നിവേദനം: റഅൽ, ദക്വാൻ, ബനൂ ലഹ്യാൻ എന്നീ ഗോത്രങ്ങളിലെ ആളുകൾ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു ഞങ്ങൾ മുസ്‌ലിംകളായിരിക്കുന്നു എന്നു പറഞ്ഞു. തങ്ങളുടെ സമൂഹത്തെ നേരിടാൻ അവർ തിരുമേനിയോ സഹായമഭ്യർഥിച്ചു. നബി(സ)തിരുമേനി തന്റെ 70 അൻസാർ സഹാബികളുടെ സഹായം അവർക്ക് നല്കി. ഹദ്റത്ത് അനസ്(റ) പറഞ്ഞു: ഖാരികൾ എന്നാണ് ഞങ്ങൾ അവരെ വിളിച്ചിരുന്നത്. രാവിലെ അവർ വിറകു കൊണ്ടു വരികയും രാത്രി നമസ്കരിക്കുകയും ചെയ്തിരുന്നു. ആ ആളുകൾ അവരെ കൊണ്ടു പോയി. ബിഅ്റെ മഊന എന്ന സ്ഥലത്തെത്തിയപ്പോൾ ആ ഗോത്രക്കാർ അവരെ വഞ്ചിച്ചു കൊലപ്പെടുത്തി. നബി(സ) ഒരു മാസത്തോളം, ചില രിവായത്തുകളിൽ നാല്പതു ദിവസത്തോളം നമസ്കാരത്തിൽ നിന്നു കൊണ്ട് റഅൽ, ദക്വാൻ, ബനൂ ലഹ്യാൻ എന്നീ ഗോത്രങ്ങൾക്കു വേണ്ടി ശാപ പ്രാർഥന ചെയ്തുകൊണ്ടിരുന്നു. ഈ ഖാരികളോടുള്ളത്ര ദു:ഖം തിരുമേനി മറ്റാർക്കെങ്കിലും വേണ്ടി പ്രകടിപ്പിച്ചതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ദൈവപ്രീതി കരസ്ഥമാക്കുക എന്നതാണ് തങ്ങളുടെ യഥാർഥ ലക്ഷ്യമെന്ന് മനസ്സിലാക്കിയവരാണിവർ. ഭൗതികമായ വിജയങ്ങളെ അവർ ലക്ഷ്യം വെച്ചിരുന്നില്ല. മാത്രമല്ല, താൻ അവരിൽ തൃപ്തിപ്പെട്ടിരിക്കുന്നുവെന്ന് അല്ലാഹു അവരെക്കുറിച്ച് വിളംബരപ്പെടുത്തുകയും ചെയ്തു.

ബിഅ്റെ മഊനയിലെ ശഹാദത്ത് വേളയിൽ സഹാബാക്കൾ അല്ലാഹുവിനോട് ഇപ്രകാരം ദുആ ചെയ്തിരുന്നു: അല്ലാഹുമ്മ ബല്ലിഗ് അന്നാ നബിയ്യനാ അന്നാ ഖദ് ലഖീനാക ഫരിളീനാ അൻക വറളീത്തു അന്നാ. അല്ലാഹുവേ, ഞങ്ങൾ നിന്നിലും നീ ഞങ്ങളിലും തൃപ്തിപ്പെട്ടനിലയിൽ ഞങ്ങൾ നിന്നെ പ്രാപിച്ചിരിക്കുന്നുവെന്ന വിവരം നീ നബി(സ)തിരുമേനിക്ക് നല്കിയാലും. ഹദ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു: ഹദ്റത്ത് ജിബ്രീൽ(അ) നബി(സ) തിരുമേനിയുടെ അടുക്കൽ വന്നു കൊണ്ട് തിരുമേനിയുടെ കൂട്ടുകാർ അല്ലാഹു തൃപ്തിപ്പെട്ട നിലയിൽ അവനെ പ്രാപിച്ചിരിക്കുന്നുവെന്ന് അറിയിച്ചു.

ഈ സംഭവത്തെക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ബിഅ്റെ മഊന, റജീഅ് എന്നീ സംഭവങ്ങളിൽ നിന്ന് അറേബ്യൻ ഗോത്രങ്ങൾ ഇസ്‌ലാമിനും അതിന്റെ അനുയായികൾക്കും നേരെ പുലർത്തിയിരുന്ന ശത്രുതയും വിദ്വേഷവും എത്രമാത്രമെന്ന് മനസ്സിലാക്കാവുന്നതാണ്. ഈ സംഭവങ്ങൾ തിരുമേനിയിലുണ്ടാക്കിയ ദു:ഖം വിവരണാതീതമാണ്. പക്ഷേ, നബിതിരുമേനി അവർക്കെതിരെ സൈനിക നടപടി എടുത്തില്ല. ഈ വാർത്ത ലഭിച്ച ദിവസം തൊട്ട് മുപ്പത് ദിവസത്തോളം തിരുമേനി എല്ലാ സുബഹി നമസ്കാരത്തിലും അവരുടെ പേരെടുത്ത് പറഞ്ഞു കൊണ്ട് മനോവേദനയോടെ അല്ലാഹുവിനോട് ഇപ്രകാരം ദു ആ ചെയ്തു: എന്റെ നാഥാ! ഞങ്ങളുടെ അവസ്ഥകളിൽ നീ കരുണ ചൊരിയണേ. നിന്റെ ദീനിനെ ഇല്ലാതാക്കുന്നതിനു വേണ്ടി നിരപരാധികളായ മുസ്‌ലിംകളെ നിഷ്കരുണം കൊല ചെയ്യുന്ന ഇസ്‌ലാമിന്റെ ശത്രുക്കളുടെ കരങ്ങളെ നീ തടുക്കേണമേ.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ശത്രുക്കളുടെ കൈകളെ തടയുന്നതിന് ഇന്നും ദുആ മുഖേന തന്നെയാണ് സഹായം തേടേണ്ടത്. അല്ലാഹു തന്നെയാണ് ഈ ആളുകളെ പിടിക്കാനുള്ള ഏർപ്പാട് ചെയ്യുന്നതും നമുക്ക് എളുപ്പം ഉണ്ടാക്കുന്നതും.

മറ്റൊരു സഹാബിയാണ് ഹദ്റത്ത് സഅദ് ബ്നു ഖൗല. ആദ്യകാലസഹാബാക്കളിലാണ് അദ്ദേഹവും എണ്ണപ്പെടുന്നത്. അബ്സ്സീനിയയിലേക്ക് രണ്ടാമതും ഹിജ്റത്ത് ചെയ്യുന്നവരിൽ അദ്ദേഹം ഉൾപ്പെടുന്നു.

ബദർ യുദ്ധത്തിൽ പങ്കെടുക്കുമ്പോൾ ഹദ്റത്ത് സഅദ് ബ്നു ഖൗലയുടെ പ്രായം 25 വയസ്സായിരുന്നു. ഉഹ്ദു യുദ്ധത്തിലും ഖന്തക്ക് യുദ്ധത്തിലും ഹുദൈബിയാ സന്ധിയിലും അദ്ദേഹം പങ്കെടുത്തു. അദ്ദേഹം ഹദ്റത്ത് സുനൈഅ അസ്‌ലംമിയ്യയുടെ ഭർത്താവായിരുന്നു. ഹജ്ജത്തുൽ വിദാ വേളയിലാണ് അദ്ദേഹം വഫാത്തായത്.

മറ്റൊരു സഹാബിയാണ് ഹദ്റത്ത് അബുൽഹൈസം. ഹദ്റത്ത് അബുൽഹൈസം ജാഹിലിയ്യാ കാലത്തും വിഗ്രഹാരാധനയെ വെറുക്കുകയും അതിനെ അപലപിക്കുകയും

ചെയ്തിരുന്ന ആളായിരുന്നു. ഒന്നാം ഉഖ്ബാ ഉടമ്പടിക്കു മുൻപ് ഹദ്റത്ത് അസദ് ബ്നു സറാറയുടെ പ്രബോധന ത്താൽ മദീനയിലാണ് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഒന്നാ ഉഖ്ബാ ഉടമ്പടി സമയത്ത് മക്കയിലേക്കു പോകുന്ന 12 അംഗ സംഘത്തിൽ അദ്ദേഹവും ഉണ്ടായിരുന്നു. മക്കയിലെത്തി നബി(സ)തിരുമേനിയിൽ ബൈഅത്ത് ചെയ്തു. സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എഴുതിയിരിക്കുന്നത് നബി(സ) ജനക്കൂട്ടത്തിൽ നിന്ന് മാറി വേറെ മലയിടുക്കിൽ വെച്ചാണ് അവരെ കണ്ടത് എന്നാണ്. യഥ്‌രിബിലെ അവസ്ഥകൾ അവർ വിവരിക്കുകയും ഇത്ത വണ എല്ലാവരും തിരുമേനിയുടെ കൈകളിൽ ബൈഅത്ത് ചെയ്യുകയും ചെയ്തു. ഈ ബൈഅത്ത് മദീനയിൽ ഇസ് ലാം സ്ഥാപിക്കപ്പെടുന്നതിനുള്ള അസ്തിവാരമിടുകയായി രുന്നു. രണ്ടാം ഉഖ്ബാ ഉടമ്പടിയിൽ 70 അൻസാർ സഹാബി കളിൽ നിന്ന് 12 പ്രതിനിധികളെ തെരെഞ്ഞെടുത്തപ്പോൾ അബുൽ ഹൈസമും അതിലൊരാളായിരുന്നു. ഒരു നിവേദ നത്തിൽ വന്നിരിക്കുന്നു: ഉഖ്ബാ ഉടമ്പടി നേരത്ത് ഹദ്റത്ത് അബുൽ ഹൈസം ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അങ്ങേയ്ക്ക് സ്വന്തം സമുദായത്തിനു മേൽ വിജയം കൈ വന്നാൽ അങ്ങു ഞങ്ങളെ വിരഹ ദു:ഖത്തിലാഴ്ത്തിക്കൊണ്ട് സ്വസമുദായത്തിലേക്ക് പോകരുതേ.

നബി(സ) ഇതു കേട്ടപ്പോൾ പുഞ്ചിരി തൂകി. എന്നിട്ട് പറ ഞ്ഞു: ഇപ്പോൾ നിങ്ങളുടെ രക്തം എന്റെ രക്തമായിരിക്കുന്നു. ഇനി ഞാൻ നിങ്ങളിൽ നിന്നുള്ളതാണ്; നിങ്ങൾ എന്നിൽ നിന്നുള്ളതും. നിങ്ങളോടു പൊരുതുന്നവൻ എന്നോടാണ് പൊരുതുന്നത്. നിങ്ങളോട് സന്ധിചെയ്യുന്നവൻ എന്നോടു സന്ധി ചെയ്യുന്നു. നബി(സ)തിരുമേനി മക്കയിൽ നിന്ന് ഹിജ് റത്ത് ചെയ്തതിനു ശേഷം ഹദ്റത്ത് ഉസ്മാൻ ബ്നു മള് ഊനും ഹദ്റത്ത് അബുൽ ഹൈസം അൻസാരിയും തമ്മി ൽ സാഹോദര്യം സ്ഥാപിച്ചു.

ഹദ്റത്ത് അബൂഹുറൈറ നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനിയും ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും ചേർന്ന് ഹദ്റത്ത് അബുൽ ഹൈസം അൻസാരിയുടെ വീട്ടി ലേക്കു പോയി. ഹദ്റത്ത് അബുൽ ഹൈസം മൂന്നു പേരെ യും കൂട്ടി തോട്ടത്തിലേക്കു പോയി. അവിടെ ഒരു വിരിപ്പ് വിരിച്ചു. എന്നിട്ട് തോട്ടത്തിലേക്കു പോയി പാകമാകാത്ത ഈന്തപ്പഴം അടങ്ങിയ ഈന്തപ്പനയുടെ മൊത്തം കുല കൊണ്ടു വന്നു. അപ്പോൾ നബി(സ) പറഞ്ഞു: അല്ലയോ അബുൽ ഹൈസം, പഴുത്ത ഈന്തപ്പഴം മാത്രം തിരെഞ്ഞെ ടുത്ത് കൊണ്ടു വരാത്തത് എന്തു കൊണ്ട്? അദ്ദേഹം പറ ഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അങ്ങ് ഇഷ്ടം പോലെ പഴു ത്തത് തെരെഞ്ഞെടുത്ത് കഴിക്കാനാണ് ഞാൻ ആഗ്രഹിച്ചത്. നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും ഈന്തപ്പഴം കഴിക്കുകയും വെള്ളം കുടിക്കുകയും ചെയ്തു. ശേഷം നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹു വാണെ സത്യം, ഈ അനുഗ്രഹങ്ങളെക്കുറിച്ചാണ് നിങ്ങൾ ഖിയാമത്ത് നാളിൽ ചോദിക്കപ്പെടുക. അതായത്, തണു പ്പുള്ള തണലും ശീതളപാനീയവും നല്ല ഈന്തപ്പഴവും.

നബി(സ)തിരുമേനി ഒരിക്കൽ അബൂഹൈസമിന് ഒരു യുദ്ധത്തടവുകാരനെ അടിമയായി നല്കിയപ്പോൾ അദ്ദേഹം ആ അടിമയെ സ്വതന്ത്രനാക്കി. ബദർ, ഉഹ്ദ്, ഖന്തക്ക് തുടങ്ങീ എല്ലാ യുദ്ധങ്ങളിലും അബുൽഹൈസം തിരുമേ നിയോടൊപ്പം ഉണ്ടായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു റവാഹ മുഅത്തയിൽ ശഹീദായതിനെ തുടർന്ന് ഖൈബറിൽ ഈന്തപ്പഴം അളക്കുന്നതിന് ഹദ്റത്ത് അബുൽ അഹൈസ മിനെയാണ് തിരുമേനി അയച്ചത്.

നബി(സ)തിരുമേനിയുടെ വഫാത്തിനു ശേഷം ഹദ്റത്ത് അബൂബക്കർ അദ്ദേഹത്തെ ഈന്തപ്പഴം അളക്കുന്നതിനു വേണ്ടി അയക്കാൻ ആഗ്രഹിച്ചപ്പോൾ തനിക്കാവില്ലെന്ന് അദ്ദേഹം പറഞ്ഞു. ഹദ്റത്ത് അബൂബക്കർ കാരണമന്വേ ഷിച്ചപ്പോൾ തിരുമേനിയുടെ കാലത്ത് താൻ ഈന്തപ്പഴം അളന്ന് തിരിച്ചെത്തിയാൽ തിരുമേനി തനിക്കു വേണ്ടി ദുആ ചെയ്തിരുന്നുവെന്ന് അദ്ദേഹം വികാരാതീനനായി പറഞ്ഞു. അദ്ദേഹത്തിന്റെ ഈ മാനസികാവസ്ഥ കണ്ടപ്പോൾ ഹദ്റത്ത് അബൂബക്കർ അദ്ദേഹത്തെ അയക്കുകയുണ്ടായില്ല. പിന്നീട് ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഖൈബറിലെ ഭൂമി അള ക്കാൻ അദ്ദേഹത്തെ അയച്ചപ്പോൾ ഉടനെ അദ്ദേഹം പോവു കയാണുണ്ടായത്. കാരണം, ആ വൈകാരികാവസ്ഥ അപ്പോ ഴുണ്ടായിരുന്നില്ല.

ജുമുഅ നമസ്കാരത്തിനു ശേഷം ഞാൻ രണ്ടു ജനാസബ് ഗായിബ് നമസ്കാരം നിർവഹിക്കുന്നതാണ്. സാഹിബ് സാദാ മിർസ മജീദ് അഹ്‌മദ് സാഹിബിന്റേതാണ് ആദ്യത്തെ ജനാസ. ഹദ്റത്ത് മിർസ ബശീർ അഹമദ് സാഹിബിന്റെ മകനായിരുന്ന അദ്ദേഹം ആഗസ്റ്റ് 14ന് 94ാം വയസ്സിൽ വഫാ ത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. 1924 ജൂലായ് 18ന് ഹദ്റത്ത് മിർസ ബശീർ അഹ്‌മദ് സാഹി ബിന്റെയും ഹദ്റത്ത് ഗുലാം ഹുസൈൻ പിശാവരിയുടെ മകളായ സർവർ സുൽതാന സാഹിബയുടെയും മകനായി ഖാദിയാനിലാണ് ജനിച്ചത്. 1947 മേയ് 7ന് ഹദ്റത്ത് മിർസാ മജീദ് അഹ്‌മദ് സാഹിബ് തന്റെ ജീവിതം വഖ്ഫ് ചെയ്യുകയും തുടർവിദ്യാഭ്യാസം നടത്തുകയും ചെയ്തു. 1949 ൽ ജാമി അത്തുൽ മുബശ്ശിരീനിൽ പ്രവേശിക്കുകയും 1954 ജൂലായിൽ ജാമിഅയിൽ നിന്ന് പഠനം പൂർത്തിയാക്കുകയും ചെയ്തു. 1950 ഡിസംബർ 28ന് ജൽസ സാലാനയുടെ മൂന്നാം ദിവസം ഹദ്റത്ത് നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെയും ഹദ് റത്ത് നവാബ് അമത്തുൽ ഹഫീസ് ബീഗം സാഹിബയുടെ യും മകൾ സാഹിബ് സാദി ഖുദ്സിയ ബീഗം സാഹിബയു മായി ഇദ്ദേഹത്തിന്റെ നിക്കാഹ് നടന്നു. ഹദ്റത്ത് ഖലീ ഫത്തുൽ മസീഹ് സാനി(റ)യാണ് നിക്കാഹ് ഖുതുബ നല്കി യത്.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: അദ്ദേഹം അൽഫളലിൽ സ്ഥിരമായി ലേഖനം എഴുതിയിരുന്നു. അറിവിനെ സ്നേ ഹിച്ച ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ നുക്തയെ നള്ർ (കാഴ് ചപ്പാട്) എന്ന പേരിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരി ച്ചിട്ടുണ്ട്. എഴുതാനും വായിക്കാനും വളരെ താത്പര്യം കാണിച്ചിരുന്നു. ലൈബ്രറിയിൽ വായനയിൽ സമയം കഴി ച്ചുകൂട്ടുന്നത് ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മരുമകളായ

മിർസാ ഗുലാം ഖാദിർ സാഹിബ് ശഹീദിന്റെ വിധവ അമത്തു ന്നാസിർ എഴുതുന്നു: സ്നേഹസമ്പന്നനും ഉന്നതഗുണങ്ങ ളുടെ ഉടമയുമായിരുന്നു അദ്ദേഹം. ആത്മാർഥതയും തുറന്ന മനസ്സുള്ള ആളുമായിരുന്നു. തന്റെ മകൻ മിർസ ഗുലാം ഖാദി റിന്റെ ശഹാദത്തിൽ സഹനത്തിന്റെ മാതൃക അദ്ദേഹം കാണിച്ചു. അല്ലാഹു അദ്ദേഹത്തോട് റഹ്മത്തോടും മഗ്ഫി റത്തോടും കൂടി പെരുമാറട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്ക് ഇദ്ദേ ഹത്തിന്റെ സദ്ഗുണങ്ങൾ നിലനിർത്താനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ഖിലാഫത്തുമായും ജമാഅത്തുമായും സദാ ബന്ധം സ്ഥാപിക്കാനുള്ള തൗഫീഖ് നല്കുമാറകട്ടെ.

രണ്ടാമത്തെ ജനാസ മുഹമ്മദ് യൂസുഫ് സാഹിബിന്റെ ഭാര്യ സയ്യിദ നസീം അഖ്തർ സാഹിബയുടേതാണ്. 2018 ജൂലായ് 27ന് അവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. അവർ വാഗ്ദത്ത മസീഹിന്റെ സഹാ ബി ഹദ്റത്ത് വലി മുഹമ്മദ് സാഹിബിന്റെ പേരമകളും ഖാളി ദീൻ മുഹമ്മദ് സാഹിബിന്റെ മകളുമാണ്. അല്ലാഹു മർഹൂമ യുടെ ദർജകൾ ഉയർത്തുമാറാകട്ടെ. ഇവരുടെ നന്മകളെ അവ രുടെ ഭാവിതലമുറകളിൽ നിലനിർത്തുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 17.08.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516